# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 09.10.2025** | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1. ഇന്ത്യ-യുകെ പങ്കാളിത്തം ആഗോള സുസ്ഥിരതയുടെയും, സാമ്പത്തിക പുരോഗതിയുടെയും നിർണായക ഭാഗമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. യുകെ പ്രധാനമന്ത്രി കിയർ സ്റ്റാമറുമായി പ്രധാനമന്ത്രി പ്രതിനിധിതല ചർച്ചകൾ നടത്തി.
   **Growing partnership between India and the UK is becoming an important pillar of global stability and economic progress, says Prime Minister Narendra Modi. PM was addressing a joint press meet after delegation-level talks with UK PM Keir Starmer.**

2. യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് മുന്നോട്ട് വച്ച ഇസ്രായേൽ-ഹമാസ് സമാധാന പദ്ധതിയുടെ ആദ്യ ഘട്ടകരാറിനെ സ്വാഗതം ചെയ്ത് ഇന്ത്യ.
   **Prime Minister Narendra Modi has welcomed the agreement on the first phase of US President Donald Trump's peace plan which is signed between Israel and Hamas.**

3. പ്രതിരോധ മേഖലയിലെ സുപ്രധാന കരാറുകളിൽ ഇന്ത്യയും ഓസ്ട്രേലിയയും ഒപ്പുവെച്ചു.
   **India and Australia have inked key defence agreements during the visit of Defence Minister Rajnath Singh to Australia.**

4. ശബരിമല സ്വർണപ്പാളി വിഷയത്തിൽ തുടർച്ചയായ നാലാം ദിവസവും നിയമസഭയിൽ പ്രതിപക്ഷ പ്രതിഷേധം. പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു.
**The Kerala Legislative Assembly witnessed opposition protests for the fourth consecutive day over the Sabarimala gold plating issue. Opposition boycotted the proceedings.**

5. പുകയില മുക്ത തലമുറ എന്ന ലക്ഷ്യത്തിനായി കേന്ദ്രസർക്കാർ സംഘടിപ്പിക്കുന്ന പുകയില രഹിത യുവജന ക്യാമ്പയിൻ 3.0 ക്ക് ഇന്ന് തുടക്കം.
**Union Education and Health ministries to jointly launch Tobacco Free Youth Campaign 3.0 today.**

6. ഐസിസി വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് ഇന്ത്യ ദക്ഷിണാഫ്രിക്കയെ നേരിടും.
**In Cricket, India to take on South Africa in ICC Women's ODI World Cup in Visakhapatnam this afternoon.**

&&&&&&&&&&&&&&&&&&

## PM MODI - UK PM TALKS (INTRO)

ഇന്ത്യ-യുകെ പങ്കാളിത്തം ആഗോള സുസ്ഥിരതയുടെയും, സാമ്പത്തിക പുരോഗതിയുടെയും നിർണായക ഭാഗമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. യുകെ പ്രധാനമന്ത്രി കിയർ സ്റ്റാമറുമായി നടത്തിയ പ്രതിനിധിതല ചർച്ചയ്ക്ക് ശേഷം സംയുക്ത മാധ്യമ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. വിശ്വസ്തതയിലും, സാങ്കേതിക ശേഷിയിലും, പ്രാഗത്ഭ്യത്തിലും അധിഷ്ഠിതമായ ബന്ധമാണ് ഇരുരാജ്യങ്ങൾക്കുമിടയിൽ നിലനിൽക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. പശ്ചിമേഷ്യയിലെ സമാധാനം, റഷ്യ-യുക്രെൻ സംഘർഷം എന്നിവ സംബന്ധിച്ച നിർണായക ചർച്ചകളും നേതാക്കൾക്കിടയിൽ നടന്നു.

യുക്രൈനിലും, ഗാസയിലും നയതന്ത്ര ചർച്ചകളിലൂടെ സമാധാനം പുനഃസ്ഥാപിക്കാനുള്ള ശ്രമങ്ങളെ ഇന്ത്യ പിന്തുണയ്ക്കുന്നതായി ശ്രീ മോദി പറഞ്ഞു.

(ഹോൾഡ് വോയിസ്)

മുംബൈയിൽ നടക്കുന്ന സിഇഒ ഫോറത്തിൽ ഇരു പ്രധാനമന്ത്രിമാരും ഇന്ന് പങ്കെടുക്കും. ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിൻറെ ആറാം പതിപ്പിലും ശ്രീ മോദിയും, കിയർ സ്റ്റാമറും ഇന്ന് പങ്കെടുക്കുന്നുണ്ട്.

****************************

## PM US PEACE PLAN

യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് മുന്നോട്ട് വച്ച ഇസ്രയേൽ-ഹമാസ് സമാധാന പദ്ധതിയുടെ ആദ്യ ഘട്ടകരാറിനെ സ്വാഗതം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി. കരാറിലൂടെ ബന്ദികളുടെ മോചനവും ഗാസയിലെ ജനങ്ങൾക്കുള്ള മാനുഷിക സഹായവും ഉറപ്പാക്കാനാകുമെന്ന് പ്രധാനമന്ത്രി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവിന്റെ ശക്തമായ നേതൃപാടവമാണ് ഇതിലൂടെ വ്യക്തമാകുന്നതെന്നും അദ്ദേഹം പറഞ്ഞു. ഗാസയിലെ യുദ്ധം അവസാനിപ്പിക്കുന്നതിനായി അമേരിക്ക മുന്നോട്ടുവച്ച സമാധാന പദ്ധതിയുടെ ആദ്യ ഘട്ടത്തിന് ഇസ്രയേലും ഹമാസും സമ്മതിച്ചതായി ഡൊണാൾഡ് ട്രംപ് അറിയിക്കുകയായിരുന്നു. ഈജിപ്റ്റിലെ ഷാം എൽ-ഷെയ്ക്കിൽ നടന്ന ചർച്ചയിലാണ് ധാരണ. കരാറിന്റെ ആദ്യ ഘട്ടത്തിൽ പലസ്തീൻ തടവുകാരെ വിട്ടയക്കുന്നതിനു പകരമായി, ഹമാസും എല്ലാ ബന്ദികളെയും മോചിപ്പിക്കും. സമാധാന കരാറിന്റെ പ്രാരംഭഘട്ടം നടപ്പാക്കാൻ തീരുമാനിച്ചതായി ഇസ്രയേലും, ഹമാസും മധ്യസ്ഥ രാഷ്ട്രമായ ഖത്തറും സ്ഥിരീകരിച്ചു. സമാധാന കരാറിനെ ഐക്യരാഷ്ട്രസഭയും സ്വാഗതം ചെയ്തു.

****************************

## REV. DAY RAJNATH- AUS VISIT

പ്രതിരോധ മേഖലയിലെ സുപ്രധാന കരാറുകളിൽ ഇന്ത്യയും ഓസ്‌ട്രേലിയയും ഒപ്പുവെച്ചു. രാജ്യരക്ഷാ മന്ത്രി രാജ്‌നാഥ് സിങ്ങിന്റെയും, ഓസ്‌ട്രേലിയൻ ഉപപ്രധാനമന്ത്രി റിച്ചാർഡ് മാർലെസിന്റെയും സാന്നിധ്യത്തിൽ കാൻബറയിലാണ് കരാറുകൾ ഒപ്പുവെച്ചത്. സൈബർ പ്രതിരോധം, സമുദ്ര സുരക്ഷ, പ്രാദേശിക വെല്ലുവിളികൾ തുടങ്ങിയ വിഷയങ്ങൾ നേതാക്കൾ വിലയിരുത്തി. ഇന്ത്യ - ഓസ്‌ട്രേലിയ സമഗ്ര നയതന്ത്ര സഹകരണത്തിന്റെ പ്രാധാന്യത്തെ കുറിച്ചും ഇരുവരും ആവർത്തിച്ചു.

****************************

## HM-JK

ജമ്മു കശ്മീരിലെ സുരക്ഷ സ്ഥിതി വിലയിരുത്തുന്നതിന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ഇന്ന് ന്യൂഡൽഹിയിൽ യോഗം ചേരും. ജമ്മു കശ്മീർ ലഫ്റ്റനന്റ് ഗവർണർ, ആഭ്യന്തര മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥർ, കേന്ദ്ര ഏജൻസികളുടെയും ജമ്മു കശ്മീർ സർക്കാരിന്റെയും പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.

****************************

## KERALA ASSEMBLY

ശബരിമല സ്വർണപ്പാളി വിഷയത്തിൽ തുടർച്ചയായ നാലാം ദിവസവും നിയമസഭയിൽ പ്രതിപക്ഷ പ്രതിഷേധം. പ്രക്ഷുബ്ധ രംഗങ്ങൾക്കിടെ നിയമസഭാ ചീഫ് മാർഷലിനു പരുക്കേറ്റു. ചോദ്യോത്തര വേള ആരംഭിച്ചപ്പോൾ തന്നെ പ്രതിപക്ഷം ബാനറും പ്ലക്കാർഡുകളും ഉയർത്തി സ്പീക്കറുടെ വേദിക്കു മുന്നിലേക്ക് എത്തിയെങ്കിലും സ്പീക്കറുടെ നിർദ്ദേശപ്രകാരം വാച്ച്

ആൻഡ് വാർഡ് ബാനർ പിടിച്ചു മാറ്റി. ഇതിനിടയിൽ രണ്ടാമതൊരു ബാനർ ഉയർത്തി പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ വേദിയിലേക്ക് ഇരച്ചു കയറാൻ ശ്രമിച്ചു. ഇതിനിടയിൽ ചോദ്യോത്തരവേള തുടർന്നെങ്കിലും ശൂന്യവേള ആരംഭിച്ചതോടെ പ്രതിപക്ഷ പ്രതിഷേധം കൂടുതൽ രൂക്ഷമായി. ഇരുവശങ്ങളിലൂടേയും കയറാൻ ശ്രമിച്ച പ്രതിപക്ഷാംഗങ്ങളെ വാച്ച് ആന്റ് വാർഡ് തടഞ്ഞു. ബഹളം ക്രമാതീതമായതോടെ സ്പീക്കർ അൽസമയത്തേക്കു സഭ നിർത്തി വെച്ചു. തുടർന്ന് സഭ വീണ്ടും സമ്മേളിച്ചപ്പോഴാണ് ചീഫ് മാർഷലിനു പരുക്കേറ്റ കാര്യം സ്പീക്കർ സഭയെ അറിയിച്ചത്. തുടർന്ന് നടപടികളോട് തങ്ങൾ പൂർണമായും നിസഹരിക്കുന്നതായി പ്രഖ്യാപിച്ച് പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു.

***************************

## KSRTC-ASSEMBLY (INTRO)

ക്യാൻസർ രോഗികൾക്ക് കെ എസ് ആർ ടി സി സൂപ്പർ ഫാസ്റ്റ് മുതൽ താഴോട്ടുള്ള എല്ലാ ബസ്സുകളിലും സൗജന്യ യാത്ര പ്രഖ്യാപിച്ച് മന്ത്രി കെ ബി ഗണേഷ്കുമാർ. നിയമസഭയിലെ ചോദ്യോത്തര വേളക്കിടെയായിരുന്നു പ്രഖ്യാപനം. മുൻപ് ക്യാൻസർ രോഗികൾക്ക് ചികിത്സക്കായി ക്യാൻസർ സെന്ററുകളിലേക്ക് യാത്രചെയ്യാൻ, ഫാസ്റ്റ് പാസ്സഞ്ചർ മുതൽ ഓർഡിനറി വരെയുള്ള ബസ്സുകളിൽ 50 ശതമാനം സൗജന്യം ഉണ്ടായിരുന്നു. വരുമാനം വർധിക്കുന്ന സാഹചര്യത്തിൽ യാത്രക്കാർക്ക് ഈ നടപടി ഏറെ പ്രയോജകരമായിരിക്കുമെന്നും മന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

***************************

## PRESIDENT - GUJARAT

രാഷ്ട്രപതി ദ്രൗപദി മുർമു മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഗുജറാത്തിലെത്തും. രാജ്കോട്ടിൽ ഇന്ന് വൈകുന്നേരമെത്തുന്ന രാഷ്ട്രപതി നാളെ സോമനാഥ് ക്ഷേത്രത്തിൽ ദർശനം നടത്തും. തുടർന്ന് ഗിർ ദേശീയോദ്യാനം സന്ദർശിക്കുന്ന ശ്രീമതി മുർമു സാസൻ ഗിറിലെ പ്രാദേശിക ഗോത്ര സമൂഹവുമായി സംവദിക്കും. നാളെ ദ്വാരകാദീഷ് ക്ഷേത്രത്തിൽ ദർശനം നടത്തുന്ന രാഷ്ട്രപതി അഹമ്മദാബാദിൽ ഗുജറാത്ത് വിദ്യാപീഠത്തിന്റെ 71-ാമത് ബിരുദദാന ചടങ്ങിലും പങ്കെടുക്കും.

****************************

## CM - DELHI

പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുമായും കൂടിക്കാഴ്ച നടത്തുന്നതിനായി മുഖ്യമന്ത്രി പിണറായി വിജയൻ ഡൽഹിയിലെത്തി. ശ്രീ.അമിത് ഷായുമായി ഇന്ന് ചർച്ച നടത്തുന്ന മുഖ്യമന്ത്രി നാളെ പ്രധാനമന്ത്രിയെയും സന്ദർശിക്കും. മന്ത്രിമാരായ KN ബാലഗോപാൽ, മുഹമ്മദ് റിയാസ്, ചീഫ് സെക്രട്ടറി തുടങ്ങിയവർ മുഖ്യമന്ത്രിക്ക് ഒപ്പമുണ്ട്. വയനാടിന് കൂടുതൽ കേന്ദ്ര സഹായം, കേരളത്തിന് എയിംസ് തുടങ്ങിയ വിഷയങ്ങൾ ചർച്ചയിൽ മുഖ്യമന്ത്രി ഉന്നയിക്കും.

****************************

## TOBACCO FREE CAMPAIGN (INTRO)

കേന്ദ്ര ആരോഗ്യ മന്ത്രാലയവും, വിദ്യാഭ്യാസ മന്ത്രാലയവും സംയുക്തമായി സംഘടിപ്പിക്കുന്ന പുകയില രഹിത യുവജന ക്യാമ്പയിൻ 3.0 ക്ക് ഇന്ന് തുടക്കം. പുകയില മുക്ത തലമുറ എന്ന ആശയത്തിലേക്കുള്ള ശക്തമായ ചുവടുവയ്പ്പാണ് ഈ ദേശീയ പ്രചാരണം.

വിശദാംശങ്ങളിലേക്ക്....

*(വോയിസ്)*

*പുകയില ഉപയോഗത്തിന്റെ ദോഷവശങ്ങളെക്കുറിച്ച് യുവതലമുറയെ ബോധവത്കരിക്കുന്നതിലെ സുപ്രധാന ചുവടുവയ്പ്പായാണ് രണ്ടു മാസം നീണ്ടുനിൽക്കുന്ന പ്രചാരണത്തിന് തുടക്കമാവുന്നത്. രാജ്യത്ത് 13 നും15 നും ഇടയിൽ പ്രായമുള്ള വിദ്യാർത്ഥികളിൽ 8.4% പേർ നിലവിൽ പുകയില ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നുണ്ടെന്ന് ഗ്ലോബൽ യൂത്ത് ടുബാക്കോ സർവേ റിപ്പോർട്ടിൽ പറയുന്നു. പുകയില ഉപയോഗം ആരംഭിക്കുന്നതിന്റെ ശരാശരി പ്രായം 10 വയസ്സ് മാത്രമാണെന്നും റിപ്പോർട്ടിലുണ്ട്. പുകയില ഉപയോഗം തടയുന്നതിന് കുട്ടികളെയും യുവാക്കളെയും ബോധവൽക്കരിക്കാനും, പുകവലി ഉപേക്ഷിക്കാൻ ആഗ്രഹിക്കുന്നവരെ പിന്തുണയ്ക്കാനും, ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ പുകയില മുക്തമാണെന്ന് ഉറപ്പാക്കുന്നതിനുള്ള പരിശോധനാ നടപടികളും ക്യാമ്പയിനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ മേധാവികൾ, എൻഎസ്എസ് - എൻസിസി വോളണ്ടിയർമാർ, അധ്യാപകർ എന്നിവർക്കായി നൈപുണ്യ വികസന ശിൽപശാലകൾ, വിദ്യാർത്ഥികൾക്കുള്ള കൗൺസിലിംഗ് തുടങ്ങിയവ ഇതിന്റെ ഭാഗമായി നടക്കും.*

*ന്യൂസ് ഡെസ്ക്, ആകാശവാണി..*

****************************

## ECI - BIHAR MCC

ബിഹാർ നിയമസഭ തിരഞ്ഞെടുപ്പിലും, മറ്റ് ഉപതിരഞ്ഞെടുപ്പുകളിലും സ്ഥാനാർത്ഥികൾക്കും രാഷ്ട്രീയ പാർട്ടികൾക്കും എതിരെ നിർമിത ബുദ്ധി ഉപയോഗിച്ചുള്ള പ്രചാരണത്തിൽ മുന്നറിയിപ്പുമായി കേന്ദ്ര തിരഞ്ഞെടുപ്പ്

കമ്മീഷൻ. എ ഐ ഉപയോഗിച്ചുള്ള വ്യാജ വീഡിയോ, തെറ്റായ വിവരങ്ങൾ എന്നിവ പരസ്യങ്ങളിലോ സാമൂഹിക മാധ്യമങ്ങളിലോ ഉപയോഗിക്കാൻ പാടില്ലെന്ന് കമ്മീഷൻ മുന്നറിയിപ്പ് നൽകി. നിർമിത ബുദ്ധി ഉപയോഗിച്ച് തയ്യാറാക്കിയ ഉള്ളടക്കങ്ങൾ പ്രചാരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവയിൽ എഐ-ജനറേറ്റഡ് എന്ന് കൃത്യമായി രേഖപ്പെടുത്തണമെന്നും നിർദേശമുണ്ട്. സമൂഹ മാധ്യമങ്ങളിൽ നിരീക്ഷണം ശക്തമാക്കുമെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

****************************

## IMF - INDIA

ആഗോള സാമ്പത്തിക വളർച്ചയിൽ ഇന്ത്യയുടെ സംഭാവനകളെ പ്രശംസിച്ച് അന്താരാഷ്ട്ര നാണയ നിധി. മാറിവരുന്ന ആഗോള സാഹചര്യങ്ങളിൽ ഇന്ത്യയുടെ വളർച്ച പ്രശംസനീയമാണെന്ന് ഐ എം എഫ് മാനേജിംഗ് ഡയറക്ടർ ക്രിസ്റ്റലീന ജോർജിയേവ പറഞ്ഞു. ആഗോള സമ്പദ്‌വ്യവസ്ഥ ഈ വർഷം 3 ശതമാനം വളർച്ച കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും ഐ.എം.എഫ് അറിയിച്ചു.

****************************

## WOMENS WORLD CUP

ഐസിസി വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് ഇന്ത്യ ദക്ഷിണാഫ്രിക്കയെ നേരിടും. വിശാഖപട്ടണത്ത് വൈകുന്നേരം 3 മണിക്കാണ് മത്സരം. മൂന്നാം വിജയം ലക്ഷ്യമിട്ടാണ് ഇന്ത്യ ഇന്ന് കളിക്കളത്തിലിറങ്ങുന്നത്. വനിതാ ലോകകപ്പിൽ ഇന്നലെ ഓസ്ട്രേലിയ പാകിസ്ഥാനെ 107 റൺസിന് പരാജയപ്പെടുത്തി.

****************************

## SENSEX - GOLD

ഓഹരി വിപണിയിൽ നേട്ടം. സെൻസെക്സ് 245 പോയിന്റ് ഉയർന്ന് 82,019 ലും, നിഫ്റ്റി 97 പോയിന്റ് ഉയർന്ന് 25,143 ലും വ്യാപാരം പുരോഗമിക്കുന്നു. സർണവില ഇന്നും വർധിച്ചു. പവന് 160 രൂപ വർധിച്ച് 91,040 രൂപയിലെത്തി. ഗ്രാമിന് 11,380 രൂപയാണ് ഇന്നത്തെ വില.

*

***********

*******************************************